**ക്രൂശിലെ മരണത്തിലൂടെ അവിടുത്തെ സ്നേഹം വെളിപ്പെടുന്നു.**

*“ക്രിസ്തുവോ, നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കു വേണ്ടി മരിക്കുകയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നു,”* (റോമർ 5:8).

അവിടുന്ന് നമ്മുടെ സ്ഥാനത്ത് മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു! ഇപ്പോൾത്തന്നെ നിങ്ങൾക്കും രക്ഷ പ്രാപിക്കുവാൻ കഴിയും. *“യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റു പറയുകയും, ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വിസക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും,”*(റോമർ 10:9).

**മൂഢൻ ആകരുത്!**

*“ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു,”* (സങ്കീ 53:1). നിങ്ങൾ സത്യസന്ധമായി നിങ്ങളുടെ ഹൃദയം പരിശോധിച്ചാൽ, ദൈവം ഉണ്ട് എന്നതിനു തെളിവുകൾ നിങ്ങൾക്കുചുറ്റും ഉണ്ടെന്നു കാണാം. അതുമാത്രമല്ല, നിങ്ങളുടെ മനഃസ്സാക്ഷിപോലും ദൈവം ഉണ്ടെന്നും, ഒരുനാൾ അവിടുത്തെ മുമ്പാകെ നിൽക്കേണ്ടിവരുമെന്നും പറയും. *“അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും, ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാലെല്ലാം മടങ്ങുകയും, എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും,”* (ഫിലിപ്പിയർ 2:10,11).

HopeTractMinistry
of Bethel Baptist Church

P.O. BOX 1115 ● YORK, SC 29745 ● 803-684-1535
WWW.HOPETRACTS.ORG

If There Is A God (Malayalam) Tract 535



**എ**ല്ലാം യാദൃശ്ചികമായി ഉണ്ടായി എന്നു വിശ്വസിക്കുന്ന ഒരാളല്ല നിങ്ങളെങ്കിൽ, ദൈവം ഉണ്ട് എന്നതിനു തെളിവുകൾ നിങ്ങൾക്കു ചുറ്റുംതന്നെ കാണാവുന്നതാണ്. മനുഷ്യൻ ഒരു ചെറു അണുവിൽനിന്നും ഉത്ഭവിച്ചു എന്നു ചിന്തിക്കുന്നതിനേക്കാൾ, ഒരു ദൈവം സകലവും സൃഷ്ടിച്ചു എന്ന നിഗമനത്തിലെത്തുവാൻ വിശ്വാസം ആവശ്യമാണ്.

പരിണാമ സിദ്ധാന്ത വാദം പഠിപ്പിക്കുന്നത്, സങ്കീർണ്ണമായ വികസന പ്രക്രിയയിലൂടെ ജീവന്റെ വളർച്ചയുണ്ടായി എന്നാണ്. എങ്കിലും അത് അറിയപ്പെടുന്ന ഊർജ്ജതന്ത്ര പ്രമാണത്തിന് എതിരാണ്: താപയാന്ത്രിക ശാസ്ത്രത്തിന്റെ ദ്വിതീയ നിയമപ്രകാരം - *"ഓരോ വ്യവസ്ഥയും ക്രമത്തിൽനിന്നും ക്രമരാഹിത്യത്തിലേക്കാണു നീങ്ങുക"* (യശ 51:6, സങ്കീ 102:25,26, എബ്രാ 1:10,11).

നമ്മുടെ സമൂഹത്തിനുമേൽ ആകസ്മികമായി ഒന്നു കണ്ണോടിച്ചാൽ മനുഷ്യൻ ഓരോ വർഷം കഴിയുംതോറും കൂടുതൽ മൃഗസ്വഭാവികൾ ആയിത്തീരുന്നു എന്നു കാണാവുന്നതാണ്. ഭൂമി തന്നെയും ചുറഞ്ഞുകയറി ഭൂകമ്പങ്ങളും അഗ്നിപർവ്വത സ്ഫോടനങ്ങളും, പ്രകൃതിയിലെ മറ്റ് ആപത്തുകളും വർദ്ധിച്ചു വരികയാണ്, (മത്തായി 24:3-8, ലൂക്കോസ് 21:10,11). *"കോഴിയാണോ, കോഴിമുട്ടയാണോ ആദ്യം വന്നത്?"* എന്ന യുഗങ്ങളായുള്ള ചോദ്യത്തിനു പോലും ശാസ്ത്രത്തിന് ഉത്തരം തരുവാൻ കഴിയുന്നില്ല. ദൈവം അതു പറയുന്നുണ്ട്! അവിടുന്നു ജീവനുള്ള സകലത്തെയും സൃഷ്ടിച്ചു, (ഉല്പത്തി 1:21-25). ദൈവം പലവിധത്തിൽ തന്നേത്തന്നെ നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്:

**സൃഷ്ടിയിൽക്കൂടി ദൈവം സ്വയം വെളിപ്പെടുത്തുന്നു.**

*"അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനുതന്നെ"* (റോമർ 1:20).

അവിടുത്തെ എല്ലാ സൃഷ്ടികളിലുംകൂടി *"തെളിവുകൾ വെളിപ്പെട്ടിരിക്കുന്നു"* എന്നാണ് ദൈവം പറയുന്നത്. അതിനാൽ ന്യായവിധി നാളിൽ അവിടുത്തെ മുമ്പാകെ നില്ക്കേണ്ടിവരുമ്പോൾ നിങ്ങളുടെ ഒഴിവുകഴിവുകളൊന്നും അവിടുത്തേക്കു സ്വീകാര്യമായി വരികയില്ല. നിരീശ്വരനെന്നോ, ഭൗതികവാദിയെന്നോ അവകാശപ്പെട്ടതുകൊണ്ട് നിങ്ങളുടെ വിധി വിഹിതത്തിനു വ്യത്യാസം വരികയില്ല.

*"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിനു വാക്കുപൊഴിക്കുന്നു, രാത്രി രാത്രിക്ക് അറിവു കൊടുക്കുന്നു,"* (സങ്കീ 19:1,2).

**അവിടുത്തെ വചനത്തിൽക്കൂടി സ്വയം വെളിപ്പെടുത്തിയിരിക്കുന്നു.**

ദൈവത്തെ നോക്കുന്നവർക്ക് ജീവിച്ചിരിപ്പാൻ കഴിയാത്തതിനാൽ, ആയിരക്കണക്കിന് ആണ്ടുകൾക്കു മുമ്പ് അവിടുന്നു മറ്റു വിധങ്ങളിൽ സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. ചിലരോട് നേരേ കേൾക്കാവുന്ന വിധത്തിലും പ്രവാചകന്മാരിലൂടെയും സംസാരിച്ചിട്ടുണ്ടെങ്കിലും, ദൈവത്തിന്റെ ഏറ്റവും മഹത്തായ വെളിപ്പാട് അവിടുത്തെ പുത്രനായ യേശുക്രിസ്തുവിൽ കൂടിയാണ് ഉണ്ടായിട്ടുള്ളത്. *"ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും, വിവിധമായിട്ടും, പ്രവാചകന്മാർമുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കിവച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി"* (എബ്രായർ 1:1,2).

ഇപ്പോൾ നമുക്കു ബൈബിൾ ലഭിച്ചിരിക്കുന്നതിനാൽ, ഈ കാലത്ത് പ്രവാചകന്മാരെ ഉപയോഗിക്കുന്നില്ല. നാം വായിക്കുവാൻ തയ്യാറാകുന്നുവെങ്കിൽ നാം അറിയേണം എന്നു ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം അതിൽ ഉണ്ട്.

**അവിടുത്തെ ന്യായപ്രമാണത്തിലൂടെ നമ്മുടെ പാപങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു.**

*"എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു, തിരുവെഴുത്തു എല്ലാററിനേയും പാപത്തിന്റെ കീഴിലടച്ചുകളഞ്ഞു.... അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു"* (ഗലാത്യർ 3:22,24). പാപം ചെയ്യാതെ നന്മമാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല (സഭാപ്ര 7:20).

**പാപത്തിന്റെ ശിക്ഷയിലൂടെ അവിടുത്തെ വിശുദ്ധി വെളിപ്പെടു   ന്നു.**

*"പാപം ചെയ്യുന്ന ദേഹി മരിക്കും,"* യഹസ്കേൽ 18:4.

*"പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള നിത്യജീവൻ തന്നെ,"* (റോമർ 6:23).